**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 125** **28-07-2021 - ൽ മറുപടിയ്ക്ക്**

**കൗമാര പ്രായത്തിലുള്ള പെൺകുട്ടികളുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൗമാര പ്രായത്തിലുള്ള പെൺകുട്ടികളുടെ ശാക്തീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കൗമാരപ്രായത്തിലുള്ള പെൺകുട്ടികളുടെ ശാക്തീകരണത്തിനായി വനിത ശിശു വികസന വകുപ്പ വഴി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. 1)സ്കീം ഫോർ അഡോളസെന്റ് ഗേൾസ് 2)സൈക്കോ സോഷ്യൽ സർവ്വീസ്സ് സ്കീം 3)അഡോൾസന്റ് ഗേൾസ് ക്ലബ് കേരള വനിതാ കമ്മീഷൻ വഴി കൗമാരക്കാരായ കുട്ടികൾക്ക് വിവാഹ പൂർവ്വ കൗൺസിലിംഗ്, ലിംഗസമത്വ അവബോധം നൽകുന്നതിനായി കലാലയജ്യോതി പരിപാടികൾ എന്നിവ നടത്തി വരുന്നു. |
| (ബി) | ഇവരുടെ ആരോഗ്യ സംരക്ഷണത്തിനും സ്വയംപര്യാപ്തതയ്ക്കും വേണ്ടിയുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സ്കീം ഫോർ അഡോളസെന്റ് ഗേൾസ് School dropout ആയ പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി അനുപൂരക പോഷകാഹാരം വിതരണം ചെയ്യുന്നു . ഇതിനായി ആവശ്യമായ കേന്ദ്രവിഹിതം (50%) ശിശുവികസന പദ്ധതി ഓഫീസർ മുഖേന ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് അനുവദിയ്ക്കാറുണ്ട്. പ്രതിദിനം 600 കലോറി ഊർജ്ജവും 18-20 ഗ്രാം പ്രോട്ടീനും ലഭിയ്ക്കുന്ന വിധത്തിലുള്ള ഭക്ഷണ പദാർത്ഥം Take Home Ration ആയി ഓരോ മാസവും 25ദിവസത്തേയ്ക്കുള്ളത് നൽകുന്നു. സൈക്കോ സോഷ്യൽ സർവ്വീസ്സ് സ്കീം കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ മാനസിക ആരോഗ്യ സംരക്ഷണത്തിനായി ബോധവത്ക്കരണക്ലാസ്സുകൾ, വ്യക്തിഗത കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ്, എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വയം പര്യാപ്തത നേടുന്നതിനായി Career Guidance ക്ലാസ്സുകൾ, ജീവിതനൈപുണ്യ വിദ്യാഭ്യാസം എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. POCSO Act, JJ Act, Child Marriage Prohibition Act, |

| | | | |
|---|---|---|---|
| | | | തുടങ്ങിയവയിൽ ബോധവത്കരണ ക്ലാസ്സുകളും നൽകുന്നു. Vulnerable ആയ കുട്ടികൾക്കും കുടുംബങ്ങൾക്കും കൗൺസലിംഗ് സേവനങ്ങൾ, POCSO Victimsന് ആവശ്യമായ കൗൺസലിംഗ് എന്നിവയും ഈ പദ്ധതി വഴി നൽകിവരുന്നു. അഡോൾസന്റ് ഗേൾസ് ക്ലബ് സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും കുമാരി ക്ലബ്ബ് പ്രവർത്തിക്കുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ഒത്തു ചേരാനും പരസ്പരം സംവദിക്കാനും ഇതിലൂടെ അവസരം ഉണ്ടാകുന്നു. കൂടാതെ ആരോഗ്യ പോഷണ വിദ്യാഭ്യാസവും ജീവിത നൈപുണ്യ വികസനം, കരിയർ ഗൈഡൻസ്, വിവിധങ്ങളായ Social Legislations-നെക്കുറിച്ച് അവബോധം എന്നിവയും ഈ ക്ലബ്ബുകൾ വഴി പെൺകുട്ടികൾക്ക് നൽകുന്നു. വിവാഹ പൂർവ്വ കൗൺസിലിംഗ് യുവതിയുവാക്കൾക്ക് വിവാഹശേഷമുള്ള ജീവിത യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാൻ സഹായിക്കുന്നതിന് വിവാഹ പൂർവ്വ കൗൺസിലിംഗ് നടത്തുന്നു. കലാലയജ്യോതി കൗമാരപ്രായത്തിലുള്ള കുട്ടികൾ സമൂഹത്തിലെ ചതിക്കുഴികളിൽ വീഴാതിരിക്കുന്നതിനും ലിംഗസമത്വ അവബോധം നല്കുന്നതിനും കലാലയജ്യോതി എന്ന പേരിൽ സ്കൂൾ/കോളേജ് തലത്തിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. |
| (സി) | ഓരോ പദ്ധതിയുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ? | (സി) | സ്കീം ഫോർ അഡോളസെന്റ് ഗേൾസ്:- 1) 11-14 വരെയുള്ള സ്കൂളിൽ പോകാത്ത (school dropout)പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം മെച്ചപ്പെടുത്തുക. 2.)ആരോഗ്യം, ശുചിത്വം, പോഷണം എന്നീ കാര്യങ്ങളിൽ അവർക്ക് അവബോധം ഉണ്ടാക്കുക. 3)സ്വയം വികസനത്തിനും ശാക്തീകരണത്തിനുമായി കൗമാരപ്രായക്കാരായ പെൺകുട്ടികളെ പ്രാപ്തരാക്കുക.<br>4)കൗമാരപ്രായക്കാരായ school drop outആയ പെൺകുട്ടികളെ തിരികെ സ്കൂളിൽ എത്തിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുക. സൈക്കോ സോഷ്യൽ സർവ്വീസ് സ്കീം :- 1) Counselling, Psychological Assessment, Crisis intervention, CareerGuidence, എന്നിവയിലൂടെ കുട്ടികൾക്ക് ആവശ്യമായ സാമൂഹിക-മാനസിക പിന്തുണ നൽകി അവരെ സ്വയംപര്യാപ്തമാക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഉചിതമായ ബോധവത്കരണത്തിലൂടെയും കൗൺസലിംഗിലൂടെയും പെൺകുട്ടികളുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക, സമൂഹത്തിൽ അവർ നേരിടുന്ന പ്രശ്നങ്ങളെ തരണം ചെയ്യുന്നതിന് പ്രാപ്തരാക്കുക, സമൂഹത്തിലും സ്വന്തം വീടുകളിലും |

| | | | |
|---|---|---|---|
| | | | സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് അവബോധവും ദിശാവബോധവും നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2)സാമൂഹിക പിന്തുണയ്ക്കായി ആവശ്യാനുസരണം റഫറൽ സംവിധാനം ഉപയോഗപ്പെടുത്തുക. 3)ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസ്സുകളിൽ മാനസിക സമ്മർദ്ദം അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ കൗൺസലിംഗ് നൽകുക. 4)വെക്കേഷൻ സമയത്ത് അങ്കണവാടികൾ വഴി കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും അമ്മമാർക്കും കൗൺസലിംഗ് സേവനങ്ങളും ബോധവത്ക്കരണ ക്ലാസ്സുകളും നൽകുക. 5)ഓരോ ബ്ലോക്കിലും പ്രവർത്തിക്കുന്ന പാരന്റിംഗ് ക്ലിനിക്കുകൾ വഴി രക്ഷകർത്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ നൽകുക. 6)ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ വഴി കുട്ടികളുടെ ഇടയിൽ ലഹരി ഉപയോഗം ഇല്ലാതാക്കുക. വിവാഹ പൂർവ്വ കൗൺസിലിംഗ് :- യുവതിയുവാക്കൾക്ക് വിവാഹശേഷമുള്ള ജീവിത യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാൻ സഹായിക്കുന്നതിന് വിവാഹ പൂർവ്വ കൗൺസിലിംഗ് നടത്തുന്നു. കലാലയജ്യോതി:- കൗമാരപ്രായത്തിലുള്ള കുട്ടികൾ സമൂഹത്തിലെ ചതിക്കുഴികളിൽ വീഴാതിരിക്കുന്നതിനും ലിംഗസമത്വ അവബോധം നല്കുന്നതിനും കലാലയജ്യോതി എന്ന പേരിൽ സ്കൂൾ/കോളേജ് തലത്തിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. |

സെക്ഷൻ ഓഫീസർ